(Xian) എന്നിവിടങ്ങളിലും അണു—ആയുധങ്ങളുടെ ഭാഗങ്ങൾ നിർമി ക്കുകയോ, അവ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നതിനുള്ള യന്ത്രശാലകൾ ഉണ്ട്.

ലാൻസൗ (Lanzhou) എന്ന സ്ഥലത്തുള്ള യുറേനിയം ഫാക്ടറി യിൽ ചൈന 90 ശതമാനത്തോളം 'സമ്പന്നത' നേടിയ 375 കിലോ ഗ്രാം യുറേനിയം ആണ്ടുതോറും ഉല്പാദിപ്പിക്കുന്നു. മൂന്നു ഘടകങ്ങളുള്ള ഈ ഫാക്ടറിക്ക് ചുരുങ്ങിയത് 1025 മെഗാവാട്ട് വിദ്യുച്ഛക്തി ആവ ശ്യമുണ്ട്. കേരളത്തിലെ ആകെ വിദ്യുച്ഛക്ത്യുല്പാദനത്തെക്കാൾ കൂടുതലാ ണ് ഇത്.

ഹോങ്കോങ് ആനുകാലികം വെളിപ്പെടുത്തുന്ന വിവരങ്ങൾ ശരി യാണെങ്കിൽ, ചൈനയുടെ അണു—ആയുധശേഖരം, റഷ്യയെ മാത്രമല്ല, വേണ്ടിവന്നാൽ അമേരിക്കയെക്കൂടി എതിർക്കാൻ ഉദ്ദേശിച്ചുള്ളതാണ്. അമേരിക്കയുമായി ഇന്നുള്ള മൈത്രി എന്നും നിലനിർത്താൻ കഴിയു മെന്ന് ചൈന വിശ്വസിക്കുന്നില്ല.

ആദ്യം ഒരു അടി അടിക്കാമെന്നല്ലാതെ, ശത്രുരാജ്യത്തിന്റെ കനത്ത ആക്രമണത്തിനുശേഷം രണ്ടാമതൊരു തിരിച്ചടി നൽകുന്നതിനുള്ള അണു—ആയുധശേഷി (സെക്കൻഡ് സ്ട്രൈക്ക് കേപ്പബിലിററി) ചൈനയ്ക്ക് ഇനിയും കൈവന്നിട്ടില്ല. ഈ ശേഷി ചൈനയ്ക്ക് ഉളവാകു മ്പോൾ മാത്രമേ മുമ്പു പ്രസ്താവിച്ച 'ശക്തിത്രികോണം' ലോകത്തിൽ നിലവിൽ വരികയുള്ളു. ഇന്നത്തെ നിലയിലുള്ള ആയുധനിർമാണം തുടർന്നുപോയാൽ, ചുരുങ്ങിയതു രണ്ടു പതിററാണ്ടുകൾകൊണ്ടേ അണു— ആയുധങ്ങളെ സംബന്ധിച്ചിടത്തോളം അമേരിക്കയുടെയും റഷ്യയുടെ യും ഒപ്പമെത്താൻ ചൈനയ്ക്കു സാധിക്കുകയുള്ളു എന്നാണു വിദഗ്ധന്മാർ കരുതുന്നത്.

എന്നാലും, ആയിരം അണുബോംബുകളോളം ചൈനയുടെ കൈയി ലുണ്ടെന്ന വസ്തുത ഇന്ത്യയിലുള്ള നാം കാണാതിരുന്നുകൂടാ. അണു—ആയുധ നിർമാണത്തിനു പാക്കിസ്ഥാനെ ചൈന സഹായിച്ചുവരുന്നുണ്ടെന്ന് ഈയിടെ അമേരിക്ക വെളിപ്പെടുത്തുകയുണ്ടായെന്നും നാം മറക്കരുത്. ഈ രണ്ടു രാജ്യങ്ങളും ഇന്ത്യയെ ആക്രമിച്ചിട്ടുള്ളവയാണ്. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിൽ ഉൾപ്പെട്ടിരുന്ന വിശാല ഭൂഭാഗങ്ങൾ ഈ രണ്ടു രാജ്യങ്ങളും ഇപ്പോൾ ബലമുപയോഗിച്ചു കീഴടക്കി കൈവശംവെച്ചു ഭരിച്ചുവരുന്നു. ഈ രാജ്യങ്ങളുമായി നമുക്കുള്ള അതിർത്തിത്തർക്കങ്ങൾ തീരുമാനത്തിലെത്താതെ പുകഞ്ഞുനീറിക്കൊണ്ടിരിക്കുകയാണ്.

(ഈ കുറിപ്പിലടങ്ങിയ വസ്തുതകൾ മാർച്ച് 29—ലെ 'സ്റ്റേററ്സ് മാൻ' പത്രത്തിൽ സത്യവ്രത റായ് ചൗധരി എഴുതിയ ലേഖനത്തിൽ നിന്നാണ്.)

(29 ഏപ്രിൽ, 1984)

# 10. പാക്കിസ്ഥാൻ

പാക്കിസ്ഥാനിലെ പ്രസിഡണ്ടും മുഖ്യ പട്ടാളനിയമഭരണാധികാരിയു മായ സിയാ ഉൾഹക്ക്, അവിടത്തെ 'മജ്‌ലിസ്—ഇ—ഷൂര' എന്ന ഉപ ദേശകസമിതിയിൽ, ഓഗസ്റ്റ് 14—ന് താൻ നടപ്പിൽ വരുത്താനുദ്ദേശി ക്കുന്ന ഭരണപരിഷ്കാരങ്ങളെപ്പററി ഒരു പ്രഖ്യാപനം നടത്തി. 1973 ഏപ്രിൽ മാസത്തിൽ അന്നത്തെ പാക്കിസ്ഥാൻ നാഷനൽ അസംബ്ലി

പാസാക്കിയതും, 1977—ൽ പട്ടാളഭരണം നിലവിൽ വന്നതോടെ റദ്ദാക്കിപ്പോയതുമായ പാക്കിസ്ഥാന്റെ നാലാമത്തെ ഭരണഘടന, ഏതാനും ഭേദഗതികളോടെ, പുനഃസ്ഥാപിക്കുമെന്നും, ഈ ഭരണഘടന അനുസരിച്ച് പ്രാദേശികഭരണസ്ഥാപനങ്ങളിലേക്കും സിന്ധ്, പഞ്ചാബ്, ബലൂചിസ്ഥാൻ, വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനം എന്നീ നാലു സ്റ്റേറ്റുകളിലെ നിയമസഭകളിലേക്കും പാക്കിസ്ഥാനിലെ കേന്ദ്ര നിയമസഭയുടെ രണ്ടു മണ്ഡലങ്ങളിലേക്കുമുള്ള തെരഞ്ഞെടുപ്പുകൾ 1985 മാർച്ച് 23—നു മുമ്പു നടത്തുമെന്നും ആ തീയതിക്കുശേഷം പട്ടാളനിയമം പിൻവലിക്കുമെന്നും സിയാ ഉൾഹക്ക് പറഞ്ഞു.

1973—ലെ ഭരണഘടനയിൽ താൻ വരുത്താനുദ്ദേശിക്കുന്ന ഭേദഗതികളെപ്പററിയും അദ്ദേഹം പ്രസ്താവിച്ചു. ഭരണഘടന വിശുദ്ധ ഖുറാനു തികച്ചും വിധേയമാക്കുകയാണു ഭേദഗതികളുടെ ഉദ്ദേശം. ഭരണഘടനപ്രകാരം സ്റ്റേററിലെ എല്ലാ അധികാരങ്ങളും പ്രസിഡണ്ടിലാണു നിക്ഷിപ്തമായിരിക്കുക. സംസ്ഥാന—കേന്ദ്ര—നിയമസഭകളുടെ സംയുക്തയോഗത്തിൽ പ്രസിഡണ്ടിനെ തെരഞ്ഞെടുക്കും. പ്രസിഡണ്ടിന്റെ കാലാവധി അഞ്ചു വർഷമായിരിക്കും; പക്ഷേ, കാലാവധിക്കുശേഷവും, മറെറാരു പ്രസിഡണ്ട് അധികാരമേറെറടുക്കുംവരെ, അദ്ദേഹത്തിനു തുടരാം. പ്രസിഡണ്ടിന്റെയും പ്രധാനമന്ത്രിയുടെയും അധികാരങ്ങൾ തമ്മിൽ സന്തുലനം ഏർപ്പെടുത്തും.

പ്രാദേശിക ഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ രാഷ്ട്രീയപാർട്ടികൾ മത്സരിച്ചുകൂടാ. നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ പാർട്ടികൾ നിർവഹിക്കേണ്ട പങ്ക് എന്ത് എന്നു പിന്നീടു പരിഗണിക്കും. ഏതായാലും തെരഞ്ഞെടുപ്പുപ്രചാരവേല ഹ്രസ്വമായിരിക്കണം. സ്ഥാനാർത്ഥികൾ സ്വയം പ്രചാരവേല നടത്തുന്നത് അനിസ്ലാമികമാണ്. ചുരുക്കത്തിൽ, രാഷ്ട്രീയപാർട്ടികൾക്കു പാക്കിസ്ഥാനിൽ, ഇപ്പോഴെന്നപോലെ ഇനിയും, വലിയ സ്ഥാനമൊന്നുമുണ്ടാവില്ല.

സ്ത്രീകൾക്കും പാക്കിസ്ഥാനിൽ വോട്ടവകാശമുണ്ടാവുമെന്ന് സിയാ പറഞ്ഞു. ന്യൂനപക്ഷങ്ങൾ സംവൃത നിയോജകമണ്ഡലങ്ങളിലൂടെ തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കും.

'നാഷനൽ സെക്യൂരിററി കൗൺസിൽ' എന്ന ഒരു സ്ഥാപനം പാക്കിസ്ഥാനിൽ നിലവിൽ വരുമെന്നതാണ് സിയായുടെ മറെറാരു പ്രഖ്യാപനം. ഈ സ്ഥാപനത്തിനു ഗവണ്മെൻറിന്റെമേൽ നിയന്ത്രണമുണ്ടാവും. ഇസ്ലാമാബാദിലും റാവൽപിണ്ടിയിലും മതപണ്ഡിതന്മാരുടെ (കാസികളുടെ) കോടതികൾ സ്ഥാപിക്കുകയുംചെയ്യും.

സ്വകാര്യവ്യവസായ മേഖലയ്ക്കു സർക്കാർ സംരക്ഷണവും സഹായവും നൽകുമെന്നു സിയാ ഉൾഹക്ക് എടുത്തുപറഞ്ഞു.

സിയാ ഉൾഹക്കിന്റെ ഈ പ്രഖ്യാപനം പട്ടാളഭരണത്തിനുകീഴിൽ ഞെരിഞ്ഞമർന്നു കഴിയുന്ന പാക്കിസ്ഥാനിലെ രാഷ്ട്രീയപ്രവർത്തകരെ ആശ്വസിപ്പിക്കുകയല്ല, പ്രകോപിപ്പിക്കുകയാണുണ്ടായത്. ഇതിനെത്തുടർന്ന്, ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിനുള്ള പ്രസ്ഥാനം എന്ന പേരിൽ, രാഷ്ട്രീയപ്പാർട്ടികളുടെ പ്രവർത്തകന്മാരുടെ ഒരു കൂട്ടമുന്നണി ആരംഭിച്ച പ്രക്ഷോഭം സിന്ധ് സംസ്ഥാനത്തിൽ ശക്തിയാർജിച്ചിരിക്കുകയാണ്. ഈ പ്രക്ഷോഭത്തെ പട്ടാളഗവണ്മെൻറ് ബലംപ്രയോഗിച്ച് അടിച്ചമർത്തിയിട്ടുമുണ്ട്. പാക്കിസ്ഥാനിലെ എല്ലാ രാഷ്ട്രീയപ്പാർട്ടികളും, പട്ടാളത്തിനു കീഴിൽ നിരോധിക്കപ്പെട്ടിട്ട് ആറു വർഷങ്ങളായി. ഇപ്പോഴത്തെ മർദനങ്ങളുടെ ഫലമായി പ്രക്ഷോഭം തൽക്കാലത്തേക്കു കെട്ടടങ്ങുമോ? അതോ, സിന്ധിൽനിന്നു പ്രക്ഷോഭം മററു

സംസ്ഥാനങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുമോ?ഇതു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

തികച്ചും അസ്വാഭാവികമായ പരിതഃസ്ഥിതികളിലാണ് പാക്കിസ്ഥാൻ എന്ന രാഷ്ട്രം ജന്മമെടുത്തതു്. ഇന്ത്യയിൽ വളർന്നുവന്ന സ്വാതന്ത്ര്യപ്രസ്ഥാനത്തിനെതിരെ ബ്രിട്ടീഷുകാർ ഊട്ടിവളർത്തിയ ഭിന്നിപ്പു പ്രസ്ഥാനം 1940—കളിൽ മുസ്ലിം രാഷ്ട്രവാദമായി വികസിക്കുകയാണുണ്ടായതു്. രാഷ്ട്രത്തിൻെറ അടിസ്ഥാനം മതമാണെന്നും, ലോകത്തിലെങ്ങുമുള്ള മുസ്ലിങ്ങരം, അവർ ഇസ്ലാം മതത്തിൽ വിശ്വസിക്കുന്നു എന്ന കാരണത്താൽ, ഒരൊററ രാഷ്ട്രമാണെന്നും വാദിച്ചിരുന്ന മൗദൂദി 1941—ൽ സ്ഥാപിച്ച 'ജമായത്തേ ഇസ്ലാമി'യാണ് പാക്കിസ്ഥാനിൽ നിയമാനുസൃതമായി പ്രവർത്തിക്കുന്നതിനു് ഇപ്പോരം അനുവദിക്കപ്പെട്ടിട്ടുള്ള ഒരേ ഒരു 'പാർട്ടി.' എന്നാൽ, മതമൊന്നാണെന്നതുകൊണ്ടു മാത്രം വ്യത്യസ്ത ജനവിഭാഗങ്ങരംക്കു്, തങ്ങരം ഒരേ രാഷ്ട്രമാണെന്ന ബോധം ഉളവായിക്കൊള്ളണമെന്നില്ലെന്നു് പാക്കിസ്ഥാൻെറ ഇന്നോളമുള്ള ചരിത്രം തെളിയിക്കുന്നുണ്ടു്.

ബ്രിട്ടീഷ് പാർലമെൻറ് 1947—ൽ അംഗീകരിച്ച ഇന്ത്യൻ സ്വാതന്ത്ര്യനിയമത്തിൻെറ ഫലമായി രൂപംകൊണ്ട രണ്ടു രാഷ്ട്രങ്ങളാണ് ഇന്ത്യയും പാക്കിസ്ഥാനും. സ്വതന്ത്രഭാരതം നിലവിൽ വരുന്നതിനു് ഒരു ദിവസം മുമ്പു്, 1947 ഓഗസ്റ്റ് 14—ാം തീയതി പിറന്ന പാക്കിസ്ഥാനിൽ കിഴക്കെ ബംഗാരം, ആസ്സാമിലെ സിയൽഹററ് ജില്ല, പടിഞ്ഞാറെ പഞ്ചാബ്, സിന്ധ്, ബലൂചിസ്ഥാൻ വടക്കുപടിഞ്ഞാറൻ അതിത്തിസംസ്ഥാനം എന്നീ മുൻ ബ്രിട്ടീഷ് ഭരണപ്രദേശങ്ങളും, സ്വമേധയാ പാക്കിസ്ഥാനിൽ ചേർന്ന ഏതാനും നാട്ടുരാജ്യങ്ങളുമാണ് ഉരംപ്പെട്ടിരുന്നതു്. പിന്നീടു് കാശ്മീർ നാട്ടുരാജ്യത്തിൻെറ പകുതിയിലേറെ ഭാഗം പാക്കിസ്ഥാൻ ബലം പ്രയോഗിച്ച് പിടിച്ചെടുത്തു.

പാക്കിസ്ഥാൻെറ ആദ്യത്തെ ഗവർണർ ജനറൽ താനായിരിക്കണമെന്നു് അതിൻെറ സ്ഥാപകനായ ജിന്നയ്ക്കു നിർബന്ധം ഉണ്ടായിരുന്നു. തൻെറ മാതൃകയെത്തുടർന്നു് ഗാന്ധി ഇന്ത്യയുടെ ആദ്യത്തെ ഗവർണർ ജനറൽ ആകണമെന്നും അദ്ദേഹം ആഗ്രഹിച്ചു. ഗാന്ധിക്കു് ഈ നിർദേശം സ്വീകാര്യമായില്ലെന്നതു് മറെറാരു കാര്യം. ജിന്ന 1948 സെപ്റ്റംബറിൽ അന്തരിച്ചപ്പോരം ഖ്വാജാ നാസിമുദ്ദീൻ ഗവർണർ ജനറലായി. നാലാമത്തെ ഗവർണർ ജനറൽ ആയ മേജർ ജനറൽ ഇസ്കന്ദർ മിർസയുടെ കാലത്താണ്, 1956 മാർച്ചിൽ, പാക്കിസ്ഥാൻെറ ആദ്യത്തെ ഭരണഘടന നിലവിൽ വന്നതു്. ഇതനുസരിച്ച് പാക്കിസ്ഥാൻ ഒരു ഇസ്ലാമിക് റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടു. മിർസ അതിൻെറ ആദ്യത്തെ പ്രസിഡണ്ടായി.

രണ്ടു കൊല്ലമേ ഈ ഭരണഘടനയ്ക്കു് ആയുസ്സുണ്ടായുള്ളു. ഭരണഘടന അനുസരിച്ച് ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ് 1959 മാർച്ചിൽ നടത്താനാണു നിശ്ചയിച്ചിരുന്നതു്. അതിനകം പാക്കിസ്ഥാനിൽ ജനാധിപത്യത്തിനുള്ള അടിസ്ഥാനം തകർന്നുകഴിഞ്ഞിരുന്നു. മുസ്ലിംലീഗ് പാർട്ടി ചിന്നിച്ചിതറിപ്പോയി. പിന്നീടു നിലവിൽ വന്ന നാഷണൽ അവാമി പാർട്ടി വേണ്ടത്ര ശക്തിയാർജിച്ചതുമില്ല. നിയമസഭകരം കലാപരംഗങ്ങളായി മാറി. രാഷ്ട്രീയ കൊലപാതകങ്ങരം വർദ്ധിച്ചു. അധികാരം, ഫലത്തിൽ, ഉദ്യോഗസ്ഥന്മാരുടെയും പട്ടാളമേധാവികളുടെയും കൈകളിലമർന്നു. ഇന്ത്യയോടുള്ള വൈരം മാത്രമാണ് പാക്കിസ്ഥാനെ യോജിപ്പിച്ചുനിർത്തുന്ന ഒരേയൊരു ഘടകം എന്ന നില വന്നുചേർന്നു. ഈ പരിതഃസ്ഥിതിയിൽ, 1958 ഒക്ടോബറിൽ ഇസ്കന്ദർ മിർസ പട്ടാളഭരണം പ്രഖ്യാപിച്ചു. കേന്ദ്ര—സംസ്ഥാന ഗവണ്മെൻറുകളും നിയമസഭകേ

ളും രാഷ്ട്രീയപാർട്ടികളും പിരിച്ചുവിട്ടു. പാക്കിസ്ഥാന്റെ ഒന്നാമത്തെ ഭരണഘടന അതോടെ റദ്ദായി.

ഇരുപത്തൊന്നു ദിവസങ്ങൾക്കകം ഇസ്കന്ദർ മിർസ സ്ഥാനഭ്രഷ്ടനായി. ഫീൽഡ് മാർഷൽ മഹമ്മദ് അയൂബ് ഖാൻ 1958 ഒക്ടോബർ 25–ന് പാക്കിസ്ഥാനിലെ പട്ടാളഭരണാധികാരിയായി സ്ഥാനമേററു. ഇന്ത്യയെ തന്റെ പരമശത്രുവായിക്കണ്ട അയൂബ് 1962–ൽ പാക്കിസ്ഥാന് ഒരു പുതിയ ഭരണഘടന പ്രഖ്യാപിച്ചു. പക്ഷേ, ഈ ഭരണഘടന നടപ്പിൽ വരുംമുമ്പ് അയൂബിന്റെ സ്ഥാനം യാഹ്യാഖാൻ കൈയേൽക്കുകയും, വീണ്ടും പട്ടാളനിയമം പ്രഖ്യാപിക്കുകയുംചെയ്തു.

പാക്കിസ്ഥാനെ മുസ്ലിം തലവൻ ഉള്ള ഒരു 'ഫെഡറൽ സ്റ്റേററ്' ആക്കുന്ന മൂന്നാമത്തെ ഭരണഘടന 1970 മാർച്ചിൽ യാഹ്യാഖാൻ പ്രഖ്യാപിച്ചു. ഈ ഭരണഘടനയനുസരിച്ച് 1970 ഡിസംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ കേന്ദ്രനിയമസഭയിലെ ആകെ മുന്നൂറു സീററുകളിൽ നൂററു പത്തേഴ് സീററുകൾ നേടിയതു് ബംഗാളിലെ മുജീബുർ റഹ്മാന്റെ നേതൃത്വത്തിലുള്ള നാഷണൽ അവാമി പാർട്ടിയാണ്. തങ്ങൾ അതുവരെ ഒരു കോളനിയായി കണക്കാക്കി അടക്കി ഭരിച്ച് നിർദയം ചൂഷണം ചെയ്തുവന്ന ബംഗാളിലെ ഒരു രാഷ്ട്രീയപ്രവർത്തകനെ പാക്കിസ്ഥാന്റെ ഭരണാധികാരിയായി അംഗീകരിക്കുവാൻ പടിഞ്ഞാറൻ പാക്കിസ്ഥാനിലെ ഉദ്യോഗസ്ഥവർഗവും പട്ടാളവും തയ്യാറായില്ല. 1971–ൽ ബംഗ്ലാദേശിൽ നടന്ന പ്രക്ഷോഭവും, തുടർന്നുവന്ന പട്ടാളമർദനവും, വിമോചനസമരവും, എല്ലാം ഇതിന്റെ ഫലങ്ങളായിരുന്നു. തുടർന്ന്, 1971 ഡിസംബറിൽ ബംഗ്ലാദേശ് പാക്കിസ്ഥാനിൽനിന്നു പിരിഞ്ഞുപോയി.

ബംഗ്ലാദേശിൽ നേരിട്ട കനത്ത പരാജയത്തെത്തുടർന്ന് യാഹ്യാഖാൻ 1971 ഡിസംബർ 20–ാം തീയതി രാജിവെച്ചു. സിന്ധിൽ പിറന്ന്, പാക്കിസ്ഥാന്റെ വിദേശമന്ത്രിസ്ഥാനം അടക്കം പല പദവികളും വഹിക്കുകയും, പാക്കിസ്ഥാൻ പീപ്പിൾസ് പാർട്ടി സംഘടിപ്പിക്കുകയുംചെയ്ത ഭൂട്ടോ പട്ടാളനിയമഭരണാധികാരിയായി. ലോകത്തിൽ ആദ്യമായി പട്ടാളനിയമഭരണാധികാരിയാവുന്ന സിവിലിയൻ ഭൂട്ടോ ആണത്രേ. 1972 ജനവരിയിൽ കോമൺവെൽത്തിൽനിന്നു പാക്കിസ്ഥാൻ വേർപെട്ടു. (പത്തു വർഷങ്ങൾക്കുശേഷം, കോമൺവെൽത്തിൽ വീണ്ടും ചേരുവാൻ ഇന്ത്യ തങ്ങൾക്കു തടസ്സം നില്ക്കുന്നുവെന്നതു് ഇന്ത്യക്കെതിരെയുള്ള പാക്കിസ്ഥാന്റെ ഒരു പരാതിയാണ്.)

1973–ൽ പാക്കിസ്ഥാനിൽ നാലാമത്തെ ഭരണഘടന നടപ്പിൽ വന്നു. ഇതനുസരിച്ചു നടത്തപ്പെട്ട തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയ ഭൂട്ടോ പ്രധാനമന്ത്രിപദം ഏറെറടുക്കുകയുംചെയ്തു. ഇന്ത്യയുമായി ഒരിക്കൽകൂടി ഏററുമുട്ടിയതും, അമേരിക്കൻ വിദേശനയത്തിന്റെ കൈയിലെ ചട്ടുകമായി പാക്കിസ്ഥാനെ പൂർണമായി മാററിയതും, ചൈനയുമായി യോജിച്ച് അധിനിവിഷ്ട കാശ്മീരിലൂടെ കാറക്കോറം ഹൈവേ നിർമിച്ചതും ആണ് ഭൂട്ടോയുടെ മുഖ്യ നേട്ടങ്ങൾ.

1977–മാർച്ചിൽ നടന്ന തെരഞ്ഞെടുപ്പിലെ പ്രകടമായ അഴിമതികൾ നിമിത്തം അധികാരത്തിൽ പിടിച്ചുനിൽക്കാൻ കഴിയാതിരുന്നപ്പോൾ, പ്രക്ഷോഭം കൊടുമ്പിരിക്കൊള്ളുന്ന ലാഹോർ, കറാച്ചി, സിന്ധിലെ ഹൈദരാബാദ് എന്നീ നഗരങ്ങളിൽ പട്ടാളനിയമം പ്രഖ്യാപിക്കുവാൻ ജനറൽ സിയാ ഉൾഹക്കിനെ ഭൂട്ടോ അധികാരപ്പെടുത്തി. രണ്ടു മാസം കഴിഞ്ഞ് ഹക്ക് രാജ്യത്തിൽ മുഴുവൻ പട്ടാളനിയമം പ്രഖ്യാപിച്ചു. ഭൂട്ടോവിനെ തടവിലാക്കി. ഒരു രാഷ്ട്രീയ എതിരാളിയെ കൊന്നുവെന്ന കുററം ചുമത്തി സിയാ ഭൂട്ടോയെ വിചാരണചെയ്തു. 1979 ഏപ്രിൽ 4–ാം തീയതി കഴുവേററി. 1979–ൽ, അപ്പോഴത്തെ പ്രസിഡണ്ടിന്റെ

കാലാവധി തീരുകയാൽ, സിയാ ഉൾഹക്ക് പാക്കിസ്ഥാൻെറ പ്രസിഡണ്ടുകൂടിയാണു താനെന്നു സ്വയം പ്രഖ്യാപിച്ചു.

1977 ഒക്ടോബറിൽ നടത്താൻ നിശ്ചയിച്ചിരുന്ന തെരഞ്ഞെടുപ്പ് സിയാ നീട്ടിക്കൊണ്ടുപോയി. ഇപ്പോൾ 1985—ൽ നടത്തുമെന്നു പ്രഖ്യാപിച്ചിട്ടുള്ളത് എട്ടു വർഷം മുമ്പു നടത്തേണ്ട ഈ തെരഞ്ഞെടുപ്പാണ്.

ഈ സംക്ഷിപ്ത വിവരണത്തിൽനിന്നു 1973 മുതൽ 1977 വരെയുള്ള നാലു വർഷങ്ങളിലൊഴികെ, ഇന്നോളം പാക്കിസ്ഥാനിൽ സാധാരണ സങ്കല്പിക്കപ്പെടുന്ന തരത്തിലുള്ള ജനകീയഭരണം നടക്കുകയുണ്ടായിട്ടില്ലെന്നത് വ്യക്തമാണല്ലോ. ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ പട്ടാളമേധാവികളാണ് ആ രാജ്യം ഭരിച്ചുവന്നത്; ഇപ്പോഴും ഭരിക്കുന്നതും. ജനാധിപത്യസങ്കല്പങ്ങൾക്ക് അവിടെ വേരൂന്നാൻ ഇടം കിട്ടിയിട്ടില്ല.

ബംഗ്ലാദേശ് പിരിഞ്ഞുപോയശേഷം പാക്കിസ്ഥാനിൽ അവശേഷിച്ച പ്രദേശങ്ങൾ ഒരൊററ രാഷ്ട്രമായിത്തീർന്നിട്ടില്ല. പഞ്ചാബിയാണ് പാക്കിസ്ഥാനിലെ ഭൂരിപക്ഷഭാഷ. സിന്ധി, പശ്തോ, ബലൂചി എന്നീ ഭാഷകളും മുഖ്യംതന്നെ. പക്ഷേ, ഈ ഭാഷകളൊന്നും ഭരണതലത്തിലോ, വിദ്യാഭ്യാസതലത്തിലോ ഉപയോഗിക്കപ്പെടുന്നില്ല. ഇംഗ്ലീഷും, ഇംഗ്ലീഷുപോലെതന്നെ വൈദേശികമായ ഉർദുവുമാണ്, പാക്കിസ്ഥാനിലെ ഔദ്യോഗികഭാഷകൾ.

പാക്കിസ്ഥാൻ ഇപ്പോഴും ഭൂപ്രഭുക്കളുടെ നാടാണ്. ജന്മിവ്യവസ്ഥ അവസാനിപ്പിക്കുകയല്ല, ശക്തിപ്പെടുത്തുകയാണ് അവിടെ സർക്കാരുകളുടെ ലക്ഷ്യം. ജന്മിവ്യവസ്ഥയോടൊപ്പം, പുതിയ മുതലാളിത്തവും പാക്കിസ്ഥാനിൽ ശക്തിയാർജിച്ചിരിക്കുന്നു. മുതലാളിത്തത്തിനു സംരക്ഷണം നൽകുന്ന വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾക്കൊള്ളിക്കുമെന്നു് സിയാ ഉൾഹക്ക് പ്രഖ്യാപിച്ചിരിക്കുകയാണല്ലോ.

ജനങ്ങളിൽ വലിയ ഒരു വിഭാഗം ഗോത്രവർഗവ്യവസ്ഥിതിക്കു കീഴിൽ പുലരുന്നവരാണ്. പാക്കിസ്ഥാനിൽനിന്നു വിട്ട് സ്വതന്ത്ര രാഷ്ട്രങ്ങൾ സ്ഥാപിക്കാനാണ് ഇവരിൽ പലരും ആഗ്രഹിക്കുന്നത്. ഉദാഹരണത്തിനു്, ഇറാനിലുള്ള ബലൂചിപ്രദേശങ്ങൾകൂടി കൂട്ടിച്ചേർത്തു് ഒരു സ്വതന്ത്ര ബലൂചിസ്ഥാൻ സ്ഥാപിക്കുവാൻ ഉള്ള ഒരു പ്രസ്ഥാനം ബലൂചിസ്ഥാൻ സംസ്ഥാനത്തിൽ നിലവിലുണ്ട്. അഫ്ഘാനിസ്ഥാനിലുള്ള പഠാൻ (പ്രശ്തോ) പ്രദേശങ്ങളുമായി ചേർന്നു് ഒരു 'സ്വതന്ത്ര പഖ്തൂണിസ്ഥാൻ' സ്ഥാപിക്കുകയാണ് വടക്കുപടിഞ്ഞാറൻ അതിർത്തിദേശക്കാരിൽ ഭൂരിപക്ഷത്തിൻെറയും സ്വപ്നം. പഞ്ചാബികളാണ്, ഒരു ജനതയെന്ന നിലയിൽ, പാക്കിസ്ഥാനിൽ രാഷ്ട്രീയവും സാമ്പത്തികവുമായ മേധാവിത്തം പുലർത്തുന്നതു്. തങ്ങൾ ഒരു ഉയർന്ന സൈനികവർഗമാണെന്ന അഹന്ത പഞ്ചാബികൾക്കുണ്ടു്; പഞ്ചാബികളുടെ മേധാവിത്തത്തിൽനിന്നു വിട്ടുപോരാനുള്ള സിന്ധികളുടെ ആഗ്രഹമത്രേ, സിന്ധിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രക്ഷോഭത്തിൻെറ മുഖ്യ പ്രേരകശക്തി.

ചുരുക്കത്തിൽ ദക്ഷിണേഷ്യയിലെ ഏററവും അസ്വാസ്ഥ്യബാധിതങ്ങളായ പ്രദേശങ്ങളിലൊന്നാണ് പാക്കിസ്ഥാൻ. ദീർഘകാലമായി പട്ടാളമാണ് അവിടെ അധികാരം പുലർത്തിവരുന്നതു്. ഈ പട്ടാളഭരണകൂടം ഇന്ത്യയോടുള്ള ആജന്മവൈരം ആവർത്തിച്ചു പ്രഖ്യാപിക്കുക മാത്രമല്ല, പല ആക്രമണയുദ്ധങ്ങളിലൂടെ സംശയാതീതമാംവിധം അതു പ്രകടിപ്പിക്കുകകൂടി ചെയ്തിട്ടുണ്ടു്.

പാക്കിസ്ഥാനു് അമേരിക്ക വൻതോതിൽ ആയുധസഹായം നൽകിവരികയാണ്. അമേരിക്കൻ ആയുധങ്ങൾ ഇന്ത്യക്കെതിരെ ഉപയോഗി

ക്കുന്നതിൽ പാക്കിസ്ഥാൻ ഒരിക്കലും മടി കാണിച്ചിട്ടില്ല. വരുന്ന അഞ്ചു കൊല്ലങ്ങളിൽ മൂവായിരത്തഞ്ഞൂറു കോടി ഡോളർ വിലയ്ക്കുള്ള സൈനികോപകരണങ്ങൾ, കുറെ സൗജന്യമായും കുറെ നിസ്സാരവിലയ്ക്കും, പാക്കിസ്ഥാനു നൽകുന്നതാണെന്ന് അമേരിക്ക കരാർചെയ്തിട്ടുണ്ട്. ഈ ആയുധങ്ങളിൽ കുറെ ഇതിനകം നൽകിക്കഴിഞ്ഞു. ഇതിനു പുറമെയാണ് നാല്പതു കോടി രൂപ വിലവരുന്ന 'ഹാർപൂൺ' മിസൈലുകൾ പാക്കിസ്ഥാനു നൽകാൻ ഇപ്പോൾ അമേരിക്ക തീരുമാനിച്ചിട്ടുള്ളത്. ഈ മിസൈലുകൾകൊണ്ട് പാക്കിസ്ഥാനു ചെയ്യാവുന്ന കാര്യം, അറബിക്കടലിലുള്ള ഇന്ത്യൻ കപ്പലുകളും ബോംബേക്കടുത്തു കടലിലുള്ള ഇന്ത്യൻ എണ്ണഖനനോപകരണങ്ങളും തകർക്കുക മാത്രമാണെന്ന് ആധികാരികമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

അമേരിക്കയിൽനിന്നെന്നപോലെ ചൈനയിൽനിന്നും കാറക്കോറം റോഡിലൂടെ പാക്കിസ്ഥാനു സൈനികസഹായം ലഭിച്ചുവരുന്നുണ്ട്. ബംഗ്ളാദേശ് യുദ്ധകാലത്ത് ഈ റോഡിലൂടെ ദിവസേന നൂറു ലോറികൾ സൈനികോപകരണങ്ങളുമായി ചൈനയിൽനിന്ന് പാക്കിസ്ഥാൻ–അധീന–കാശ്മീരിലെ ഗിൽഗിററിൽ എത്തിയിരുന്നുവത്രെ. അന്ന് ഈ റോഡിൻെറ പണി പൂർത്തിയായിരുന്നില്ല. ഇപ്പോൾ പണി പൂർത്തിയായ ഈ റോഡിലൂടെ ചൈനയിൽനിന്നു പേഷാവറിലെയും റാവൽപിണ്ടിയിലേയും സൈനിക ഡിപ്പോകളിലേക്ക് എത്ര യുദ്ധോപകരണങ്ങൾ വേണമെങ്കിലും അയയ്ക്കാവുന്നതേയുള്ളു.

പാക്കിസ്ഥാൻ ഒരു ആററംബോംബ് പൊട്ടിക്കുകയുണ്ടായേക്കാം? ഇതിനെപ്പററി തീർച്ച പറയാൻ വയ്യെങ്കിലും, ആററംബോംബ് നിർമിക്കുവാനുള്ള സാങ്കേതികവിജ്ഞാനവും സാധനസാമഗ്രികളും ഇന്ത്യയുടെയെന്നപോലെ പാക്കിസ്ഥാൻെറയും കൈയിലുണ്ടെന്നതിൽ സംശയമില്ല. പാക്കിസ്ഥാനിലെ അണു–ആയുധ നിർമാണസ്ഥാപനങ്ങൾ ആക്രമിച്ചു തകർക്കുന്നതിനു കഴിവുള്ള വിമാനങ്ങളുടെ ഒരു വ്യൂഹം തങ്ങൾക്കു നല്കണമെന്ന് അമേരിക്കയോട് ഇസ്രയേൽ ആവശ്യപ്പെട്ടിട്ടുള്ളതായി ഒരു വാർത്ത ഓഗസ്റ്റ് 14–ലെ 'പാക്കിസ്ഥാൻ ടൈംസി'ൽ ഒന്നാംപേജിൽ അഞ്ചുകോളം തലക്കെട്ടിൽ ചേർത്തിരുന്നു. ഇതിനർത്ഥം, പാക്കിസ്ഥാന് അണു–ആയുധനിർമാണക്കഴിവു കൈവന്നതായി ഇസ്രയേൽ വിശ്വസിക്കുന്നുണ്ടെന്നാണല്ലോ; ഇസ്രയേൽ തങ്ങളുടെ അണു–ആയുധനിർമാണശാലകൾ നശിപ്പിച്ചേക്കുമെന്ന് പാക്കിസ്ഥാൻ ഭയപ്പെടുന്നുണ്ടെന്നും കുറെ മുമ്പ് സിയാ ഉൾഹക്കിൻെറ ദൂതനായി ഇന്ത്യയിൽ വന്ന എ. കെ. ബ്രോഹി ഇവിടെവച്ചു പറയുകയുണ്ടായി. ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള സവിശേഷമായ പരസ്പരബന്ധത്തിൻഫലമായി ഈ രാജ്യങ്ങൾ ഒന്നിച്ചു ജീവിക്കുകയോ ഒന്നിച്ചു മരിക്കുകയോ ചെയ്യും.... ഒന്നിച്ചുനിലനില്ക്കുക, അല്ലെങ്കിൽ ഒന്നിച്ചു നിലനില്ക്കാതിരിക്കുക—ഈ രണ്ടിലൊന്ന് അവ തെരഞ്ഞെടുക്കണം.' അണു–ആയുധങ്ങൾ പ്രയോഗിച്ച് ഈ രണ്ടു രാജ്യങ്ങളും അന്യോന്യം നശിപ്പിക്കുകയെന്ന ഭീകര സാദ്ധ്യതയെപ്പററി ഒരു തുറന്ന ഭീഷണിയാവാം ഇതെന്ന്, 'പാക്കിസ്ഥാൻ നിലനില്ക്കുമോ?' എന്ന പ്രഖ്യാത ഗ്രന്ഥമെഴുതിയ താരീക് അലി കരുതുന്നു.

കിട്ടുന്ന സ്ഥലങ്ങളിൽനിന്നെല്ലാം ആധുനിക യുദ്ധോപകരണങ്ങൾ കരസ്ഥമാക്കുവാനും, പരമാവധി സൈനികസന്നദ്ധത നിലവിൽ വരുത്തുവാനും ഇന്ത്യയിൽ അടുത്തകാലത്തു കാണുന്ന വ്യഗ്രതയുടെ അടിയിലുള്ളത് ഈ പരമാർത്ഥങ്ങളെപ്പററിയുള്ള അവബോധമാവാം.

സമാധാനപൂർണവും ജനാധിപത്യാധിഷ്ഠിതവും സമ്പന്നവുമായി പാക്കിസ്ഥാൻ വികസിച്ചുകാണുവാനാണ് ഇന്ത്യ ആഗ്രഹിക്കുന്ന

ണ്ട്. അവിടെ ഇന്നുള്ള വൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുകയും, ആഭ്യന്തരകലാപങ്ങൾ നിത്യസംഭവങ്ങളായിത്തീരുകയുമാണെങ്കിൽ, ഇന്ത്യയ്ക്ക് അതില്പരം ഒരാപത്തു വേറെ ഉണ്ടാവാനില്ല. മതത്തിന്റെ പേരിൽ അറബിനാടുകളിൽനിന്ന സാമ്പത്തികസഹായവും, റഷ്യയെ എതിർക്കുന്നതിന്റെ പേരിൽ അമേരിക്കയിൽനിന്നും ചൈനയിൽനിന്നും ആയുധ—യുദ്ധശിക്ഷണ—സഹായവും പരിമിതിയില്ലാതെ പാക്കിസ്ഥാൻ നേടിവരുന്നുണ്ട്. എന്തു് അകൃത്യവും ചെയ്യാൻ തങ്ങൾക്ക ക്ലേശമില്ലെന്നു പാക്കിസ്ഥാനിലെ പട്ടാളമേധാവികൾ ബംഗ്ളാദേശിൽ പ്രകടമാക്കിയിട്ടുമുണ്ട്. പാക്കിസ്ഥാനിലെ ആഭ്യന്തരകാര്യങ്ങളിൽ ഒരുവിധത്തിലും ഇടപെടാതിരിക്കെത്തന്നെ അവിടെ ജനാധിപത്യത്തിനുവേണ്ടി നടക്കുന്ന പോരാട്ടത്തിനു് ഇന്ത്യ ധാർമികപിന്തുണ നൽകേണ്ടതുണ്ട്. അതേ സമയം, അവിടത്തെ സ്ഥിതിഗതികൾ നാം സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടിരിക്കുകയും വേണം. ലോകത്തിലെ ഏററവുമധികം സമ്മർദ്ദവിധേയങ്ങളായ പ്രദേശങ്ങളിലൊന്നാണ് പാക്കിസ്ഥാൻ. അവിടം കത്തിയെരിയാൻ തുടങ്ങിയിരിക്കുന്നു. അതിന്റെ ജ്വാലകൾ നമ്മെയും ബാധിക്കുമെന്നതിൽ യാതൊരു സംശയവും വേണ്ട.

(2 സെപ്തംബർ, 1983)

## 11. കാറക്കോറം ഹൈവേ

1983 മെയ്മാസത്തിന്റെ മദ്ധ്യത്തിൽ കാശ്മീർ സംസ്ഥാനം രണ്ടു കാരണങ്ങൾകൊണ്ടു വാർത്താപ്രാധാന്യം നേടി. ഇന്ത്യൻ യൂണിയനിൽ ചേർന്ന ജമ്മു—കാശ്മീർ പ്രദേശത്തു് ഒരു പൊതുതെരഞ്ഞെടുപ്പിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതിനെത്തുടർന്നുണ്ടായ അക്രമസംഭവങ്ങളാണു് ഇവയിൽ ഒരു കാരണം. പഴയ കാശ്മീർ നാട്ടുരാജ്യത്തിന്റെ മൂന്നിലൊരു ഭാഗത്തോളം പ്രദേശമേ ഇപ്പോഴത്തെ ജമ്മു—കാശ്മീർ സ്റ്റേററിലുള്ളു. കാശ്മീരിന്റെ മൂന്നിൽ രണ്ടു ഭാഗത്തോളം വരുന്ന പ്രദേശം 1947 മുതൽ പാക്കിസ്ഥാൻ കൈയടക്കിവച്ചിരിക്കയാണ്. ഈ പ്രദേശത്തു് കാറക്കോറം, ഹിന്ദുക്കുഷ്, ഹിമാലയം എന്നീ മലകളിലൂടെ എണ്ണൂറു കിലോമീററർ നീളത്തിൽ ഒരു റോഡ് പാക്കിസ്ഥാനും ചൈനയും ചേർന്നു നിർമിച്ചിട്ടുണ്ട്. ലോകത്തിന്റെ മോന്തായത്തിലൂടെയാണു് ഈ റോഡ് കടന്നുപോകുന്നതെന്നു പറയാറുണ്ട്. കാരണം, ഈ റോഡിലുള്ള ഖുഞ്ജെരാബ് ചുരം കടൽനിരപ്പിൽനിന്നു് 4530 മീററർ ഉയരത്തിലാണ്. മൂന്നു ഹിമശിലകളുടെ (ഗ്ളേസിയറുകളുടെ) മുകളിലൂടെ പോകുന്ന ഈ പാത മഞ്ഞുകാലത്തു് ഉപയോഗയോഗ്യമല്ല. എന്നാൽ, വേനൽക്കാലത്തു് ഈ പാതകളിലൂടെ രണ്ടു വരിയായി വാഹനങ്ങൾക്ക് ചൈനയിലെ ക്സിജിയാങ്ങിൽ (സിങ്കിയാങ്ങിൽ) നിന്നു് പാക്കിസ്ഥാന്റെ കീഴിലുള്ള കാശ്മീരിലെ മുസഫറാബാദ്വരെയും, അവിടെനിന്നു് പാക്കിസ്ഥാന്റെ തലസ്ഥാനമായ ഇസ്ലാമാബാദിലൂടെ കറാച്ചി തുറമുഖംവരെയും തടസ്സം കൂടാതെ സഞ്ചരിക്കാം. ഈയാണ്ടിലെ വേനലിൽ, മെയ് 16—ാം തീയതിയാണ് ഖുഞ്ജെരാബ് ചുരം ഗതാഗതത്തിനു് ഔപചാരികമായി തുറന്നതു്. കാശ്മീരിനു വാർത്താപ്രാധാന്യം കൈവരാനുള്ള രണ്ടാമത്തെ കാരണം ഈ ചുരത്തിന്റെ ഉദ്ഘാടനമാണ്.

പഴയകാലത്തു് മദ്ധ്യേഷ്യയിൽനിന്നുള്ള കച്ചവടസംഘങ്ങൾ വില്ല